# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1531

12-06-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷി വികസനത്തിന് സ്വീകരിച്ച നടപടികൾ

**ചോദ്യം**

ശ്രീ.യു. ആർ. പ്രദീപ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന എത്ര ലക്ഷം ഹെക്ടർ ഭൂമിയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(എ) ജില്ലകളിൽ നിന്നും ശേഖരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം നെൽകൃഷി ചെയ്തിട്ടുള്ള വിസ്തൃതി 2,02,985.24 ഹെക്ടറാണ്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | നിലവിലുള്ള നെൽ വയലുകളുടെ വിസ്തൃതി (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 2038.7 |
| കൊല്ലം | 2110.1 |
| പത്തനംതിട്ട | 3198.71 |
| ആലപ്പുഴ | 42273.16 |
| കോട്ടയം | 22222.88 |
| ഇടുക്കി | 682.11 |
| എറണാകുളം | 5016.42 |
| തൃശ്ശൂർ | 22276.09 |
| പാലക്കാട് | 77103.43 |
| മലപ്പുറം | 8339.62 |
| കോഴിക്കോട് | 2351.58 |
| വയനാട് | 7761.43 |
| കണ്ണൂർ | 5331.94 |
| കാസർഗോഡ് | 2279.07 |
| **ആകെ** | **202985.24** |

(ബി) നെൽകൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ നെല്ലുൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി

അടിസ്ഥാനസൗകര്യ വികസനത്തിനു മുൻ തൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസന പദ്ധതിപ്രകാരം സുസ്ഥിരനെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5500 രൂപയും, സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10000 രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10000 രൂപയും കരനെൽ കൃഷിക്ക് 13600 രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500 രൂപയുമാണു ധനസഹായം നൽകുന്നത്. ഇതിനു പുറമെ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരം നെൽ വിത്ത് വാങ്ങുന്നതിനു ഹെക്ടറിനു 1000 രൂപയും, കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും, സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും, സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും, കസ്റ്റം ഹയറിങ് സെന്റർ മുഖേനയുള്ള യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4500 രൂപയുടെ ധനസഹായം നൽകുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9000 രൂപ ധനസഹായം നൽകും. ക്രോപ്പിങ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15000 രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10000 രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000 രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000 രൂപയും ലഭിക്കും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും കുമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000 രൂപയും, കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും,

| | | | |
|---|---|---|---|
| | | | കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകും. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600 രൂപയും പവർ സ്പ്രേയറിന് 3000 രൂപയും വിന്നോവറിന് 10000 രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10000 രൂപ സബ്സിഡി നൽകും.<br>സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള ശ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാനസൗകര്യവികസന പദ്ധതികളും നടപ്പിലാക്കുന്നു. |
| (സി) | 2019-20 സാമ്പത്തിക വർഷം നെൽകൃഷി വികസനത്തിനായി എത്ര കോടി വകയിരുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (സി) | 2019-20 സാമ്പത്തിക വർഷം നെൽകൃഷി വികസന പദ്ധതിയ്ക്കായി 9085 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സുസ്ഥിര നെൽകൃഷി വികസനം, തരിശുനില കൃഷി, കര നെൽ കൃഷി, ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യുന്നതിനുള്ള ധനസഹായം, സവിശേഷ നെല്ലിനങ്ങളുടെ വ്യാപനം, പദ്ധതിയധിഷ്ഠിത ധനസഹായത്തിനുള്ള ഘടകങ്ങൾ, രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി, നെൽ വയൽ നികത്തൽ നിയമം നടപ്പാക്കൽ, ഗ്രൂപ്പ് ഫാമിങ് സമിതികൾക്കും, നെൽകൃഷി വികസന ഏജൻസികൾക്കുമുള്ള പ്രവർത്തന ധനസഹായം എന്നീ ഘടകങ്ങൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**